# IDEAL INDIAN SCHOOL, DOHA -QATAR
## TERM -I EXAMINATION-OCTOBER 2023
### SUBJECT:- MALAYALAM(S L)

**CLASS -VIII** **MAX. MARKS: 80**
**DATE: 12-10-2023** **DURATION:3Hrs**

---

***General Instructions:***
***1.All questions are compulsory.***
***2.Answer the questions after carefully by reading the text***
***3.Give examples where ever required***
***4.Put the questions numbers properly***

**THIS QUESTION PAPER IS DIVIDED IN TO FOUR SECTIONS**

| | | |
|---|---|---|
| SECTION-A | READING &COMPREHENSION | 05 Marks |
| SECTION-B | WRITING | 11 Marks |
| SECTION-C | GRAMMAR | 34 Marks |
| SECTION-D | LITERATURE | 30 Marks |

**SECTION -A/എ - വിഭാഗം**

**I. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക** **(5X1= 5)**

ഏതൊരു രാജ്യത്തിൻറേയും വികസനത്തിൻറെ രഹസ്യം അവിടത്തെ ജനങ്ങളുടെ ഉത്സാഹവും കർമ്മശേഷിയുമാണ്. അത്തരമൊരു രാഷ്ട്രത്തിൽ കായിക വിനോദങ്ങൾക്ക് മറ്റെന്തിനേക്കാളും പ്രാധാന്യം നൽകിയിരിക്കും. "അരോഗ ശരീരത്തിൽ അരോഗ മനസ്സ്"- എന്ന ആദർശമാണ് ആധുനിക കാലത്ത് എല്ലാ രാജ്യങ്ങളും പിൻതുടരുന്നത്. എല്ലാ മേഖലകളിലും പ്രത്യേകിച്ച് ആരോഗ്യപൂർണ്ണമായ ഒരു ജനതയെ വാർത്തെടുക്കുന്ന കാര്യത്തിൽ ഏഷ്യൻ രാജ്യങ്ങൾ ശ്രദ്ധ പുലർത്തി. അതിൻറെ തുടക്കമാണ് ആദ്യത്തെ ഏഷ്യാഡ്. 1951 മാർച്ച് നാലാം തീയതി ഡൽഹിയിലാണ് പ്രഥമ ഏഷ്യാഡ് അരങ്ങേറിയത്. അന്നത്തെ ഇൻഡ്യൻ പ്രസിഡൻറായിരുന്ന ഡോ.രാജേന്ദ്രപ്രസാദാണ് ആദ്യ ഏഷ്യാഡിന് തിരി കൊളുത്തിയത്. പതിനൊന്നു രാജ്യങ്ങൾ അതിൽ പങ്കെടുത്തു. ഏഷ്യയിലെ ജനങ്ങളെയെല്ലാം ഒരു കുടക്കീഴിൽ അണിനിരത്താനും ഭാഷ, വേഷ, സംസ്ക്കാരം എന്നിവയുടെ അതിർവരമ്പുകൾ മറി കടന്ന് അവരെ ഒന്നിപ്പിക്കുന്ന ഒരു വേദിയൊരുക്കാനും ഏഷ്യൻ ഗെയിംസിനു കഴിഞ്ഞു.

1. ഏഷ്യൻ രാജ്യങ്ങൾ എന്ത് കാര്യത്തിലാണ് ശ്രദ്ധ പുലർത്തിയത്?
2. ഏതൊരു രാജ്യത്തിൻറെയും വികസനത്തിൻറെ രഹസ്യം എന്താണ്?

3. പ്രഥമ ഏഷ്യാഡ് അരങ്ങേറിയത് എന്ന്, എവിടെ?
4. ആധുനിക കാലത്ത് എല്ലാ രാജ്യങ്ങളും പിൻതുടരുന്നതെന്താണ്?
5. എന്തിനെല്ലാം ഏഷ്യൻ ഗയിംസിന് കഴിഞ്ഞു?

**SECTION -B/ബി – വിഭാഗം**

**I.** സ്കൂളിന് സമീപമുള്ള കടകളിൽ മായം ചേർത്ത് അപകടകരമായ രീതിയിൽ ഭക്ഷ്യ വസ്തുക്കൾ വിറ്റഴിക്കുന്നു. - ഈ വിഷയത്തെ ആസ്പദമാക്കി ഒരു **പത്രവാർത്ത തയ്യാറാക്കുക.** **(1x4=4)**

**II.** **ഉപന്യാസം എഴുതുക: മാലിന്യ വിമുക്തമായ കേരളം** **(1x4=4)**

കാലവർഷക്കെടുതിയിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് ധനസഹായം നൽകണമെന്ന് അപേക്ഷിച്ചുകൊണ്ട് **ജില്ലാ കലക്ടർക്ക് കത്തെഴുതുക** **(1x3=3)**

**SECTION -C /സി - വിഭാഗം**

**ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം എടുത്തെഴുതുക**

**I.** **അർത്ഥം എഴുതുക** **(4x1=4)**

1. പടു
2. വേദം
3. ദുർഗം
4. സാഫല്യം

( അറിവ്, സമീപം, സമർത്ഥൻ, പൂർണം, വൃക്ഷം, പ്രയാസം)

**II.** **പര്യായം** **(4x1=4)**

1. വാൾ
2. സ്വർണ്ണം
3. യുദ്ധം
4. പത്നി

(പോര്, ഭാര്യ, കാഞ്ചനം, അസി, ഹേമം, രണം, കാന്ത, ഖഡ്ഗം)

**III.** **വിപരീതം** **(4x1=4)**

1. ദൃഢം
2. സമൃദ്ധി
3. ഗ്രാമം
4. അനുഗ്രഹം

(വൃദ്ധി, നഗരം, നിഗ്രഹം, ശിഥിലം, ദാരിദ്ര്യം, സംഗ്രഹം)

**IV. നാനാർത്ഥം** **(4x1=4)**

1. സ്വച്ഛം
2. വട്ടൻ
3. വ്രതം
4. സാരം

(നോമ്പ്, ഒരിനം നെല്ല്, അർത്ഥം, നിർമ്മലം, അനുഷ്ഠാനം, ഭ്രാന്തൻ, പ്രധാനം, സൗഖ്യം)

**V. അർത്ഥവ്യത്യാസം** **(3x1=3)**

1. കുഴൽ- കഴൽ
2. നേരം - നാരം
3. അന്തി- അന്ത്യം

(തലമുടി, ഭരണം, സമയം, സന്ധ്യ, കാല്, അവസാനം, ജലം)

**VI. എതിർലിംഗം** **(3x1=3)**

1. സഖി
   (സഖാവ്, സഖിനി, സഖാവി, സഖാവൻ)
2. ഗുരു
   (ഗുരുണി, ഗുർവ്വിനി, ഗുർവ്വി, ഗുരുശ്രി)
3. താപസൻ
   (തപസ്യ, താപസി, തപസ്വിനി, തപസ്വി)

**VII. ശരിയായ പദം കണ്ടെത്തുക** **(3x1=3)**

1. നവോതദാനം, നവോദദാനം, നവോത്ഥാനം, നവോദ്ധാനം
2. ജപ്ധി, ജപ്ഥി, ജപ്ത്ഥി, ജപ്തി
3. പരിശ്കാരി, പരിഷ്കാരി, പരിക്ഷ്കാരി, പരിസ്കാരി

**VIII. പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക** **(3x1=3)**

1. ഗ്രീഷ്മത്തിൽ
2. പുസ്തകമെന്യേ
3. പതുങ്ങിയെത്തി

**IX. വിഗ്രഹിച്ച് സമാസം കണ്ടെത്തുക** **(3x1=3)**

1. വൃശ്ചികക്കാറ്റ്
2. അഹിംസ
3. വേദശാസ്ത്രങ്ങൾ

**I. വാക്യത്തിൽ പ്രയോഗിക്കുക** **(3x1=3)**

1. ആചരണം
2. യുദ്ധക്കെടുതി
3. നിഷിദ്ധമായ

## SECTION -D /ഡി വിഭാഗം

**I. ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം എടുത്തെഴുതുക** **(5x1=5)**

1. "പൈയ്ക്കുന്ന പള്ളയ്ക്കിര തേടി വാടുന്ന
   പാവത്തിൽ കാണാം.........- ആരെ?"
   (ഉമ്മയെ, കുട്ടിയെ, പടച്ചവനെ, സ്വപ്നത്തെ)

2. ഗംഗയാറൊഴുകുന്ന നാട്ടിലുള്ളത് എന്താണെന്നാണ് "എൻറെ ഗുരുനാഥൻ" -എന്ന കവിതയിൽ പരാമർശിക്കുന്നത്?

   (അചലം, കല്പ പാദപം, സിംഹം, ശാന്തി)

3. കാറ്റത്ത് പറന്നു പോകാതിരിക്കാനായി ശ്രീകൃഷ്ണനും കൂട്ടരും ഒളിച്ചിരുന്നത്. എവിടെയാണ്?

   (ഇരുട്ടിൽ, ഗൃഹത്തിൽ, കാട്ടിൽ ,തുരപ്പിൽ)

4. "ദാരിദ്ര്യത്തിൻറെ മാറിലേക്ക് വീഴുന്ന വെട്ടു പോലെ"- അയാളുടെ കൈയിൽ നിന്ന് മുന്നോട്ടു കുതിച്ചു കൊണ്ടിരുന്നത് എന്ത്?

   (വെട്ടരിവാൾ, തൂമ്പ, വാഴത്തൈ, ജീവരാശി)

5. "വിത്തും കൈക്കോട്ടും" -എന്ന് ഉറങ്ങുന്ന കർഷകരെ വിളിച്ചുണർത്തുന്നതാര്?

   (കന്യകമാർ, വിഷുപ്പക്ഷി, തുലാവർഷം, ഇടവപ്പാതി)

**II. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക** **(5x2=10)**

**1.** "ദേഷ്യം കുറച്ചല്ല വന്നതെനിക്കപ്പോൾ ദേഹമൊട്ടാകെ വിറച്ചിരുന്നു" - കുട്ടിയ്ക്ക് ദേഷ്യം വരാൻ കാരണമെന്ത്?

**2.** കേരളത്തിൻറെ ഋതുഭേദങ്ങളെപ്പറ്റി വിവരിക്കുക

**3.** റേഷനരിയെക്കുറിച്ച് റാഹേൽ സമർപ്പിച്ച റിപ്പോർട്ട് എന്തായിരുന്നു?

**4.** “മഹാമുനി മോദാൽ നമ്മെയെല്ലാമനുഗ്രഹിച്ചതും”- സന്ദർഭവും ആശയവും വിശദമാക്കുക.

**5.** ഗാന്ധിജിയെ അടുത്തറിയാൻ വള്ളത്തോൾ നിർദ്ദേശിച്ചിരിക്കുന്ന മാർഗ്ഗങ്ങൾ എന്തൊക്കെ?

**III. മൂന്നോ നാലോ വാക്യത്തിൽ ഉത്തരം എഴുതുക** **(5x3=15)**

1. “രോഗം വന്നാൽ എല്ലാം വെട്ടിക്കളഞ്ഞാൽ മതിയോ”- എന്ന മാർക്കോസ് ചേട്ടൻറെ ചോദ്യത്തിൽ അടങ്ങിയിരിക്കുന്ന അർത്ഥ തലങ്ങൾ കണ്ടെത്തുക.
2. സമഭാവന വളർത്തുന്നവയായിരുന്നു പ്രാചീന ഗുരുകുലങ്ങൾ- സാന്ദ്ര സൗഹൃദം എന്ന പാഠഭാഗത്തെ ആസ്പദമാക്കി വിലയിരുത്തുക.
3. " ഉള്ളലിഞ്ഞോതിനേൻ: എൻ ചോറുമാക്കഞ്ഞി- വെള്ളത്തിലിട്ടു വിളമ്പിക്കൊള്ളൂ" സന്ദർഭവും ആശയവും വ്യക്തമാക്കുക.
4. അഹിംസയെക്കുറിച്ച് ഗാന്ധിജിയുടെ അഭിപ്രായം എന്ത്?
5. നമ്മുടെ സംസ്കാരത്തിൽ പൂക്കൾക്കുള്ള സ്ഥാനത്തെക്കുറിച്ച് വി.ടിയുടെ നിരീക്ഷണങ്ങൾ എന്തെല്ലാമാണ്?

❀❀❀